കോട്ടൂർ വനഭൂമിയിൽ ഈറ്റകൃഷി

839 [1844] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുത്തിപ്പള്ളി റേഞ്ചിൽ കോട്ടൂരിലെ വനഭൂമിയിൽ ഈറ്റ കൃഷി നടത്തുന്നതിനുവേണ്ടി എത്ര ഹെക്ടർ വനഭൂമി നീക്കിവെച്ചിട്ടുണ്ട്;

(ബി) ഈ ആവശ്യത്തിലേയ്ക്കായി എത്ര രൂപ സർക്കാരിനു ചെലവായി;

(സി) ഈറ്റ വെച്ചുപിടിപ്പിച്ചതിൽ എത്ര തൈകൾ നാശം സംഭവിക്കാതെ വളർന്നുവന്നിട്ടുണ്ട് എന്നു വെളിപ്പെടുത്താമോ;

(ഡി) ഈറ്റ കൃഷി ലാഭകരമാണോ എന്നു വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ പരാജയപ്പെടാനുള്ള കാരണം വെളിപ്പെടുത്താമോ;

(എഫ്) ഈറ്റ കൃഷിക്കുവേണ്ടി ചെലവാക്കിയ തുകയിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്നു വ്യക്തമാക്കാമോ;

(ജി) അവരുടെ മേൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പെരുത്തിപ്പള്ളി റേഞ്ചിൽ കോട്ടൂർ റിസർവ് വനഭൂമിയിൽ 9.85 ഹെക്ടർ സ്ഥലത്ത് ഈറ്റ കൃഷി നടത്തിയിട്ടുണ്ട്.

(ബി) ഇതിലേക്കായി സർക്കാരിന് 7,451 രൂപ ചെലവായിട്ടുണ്ട്.

(സി) ഇപ്പോൾ കണക്ക് ശേഖരിച്ചിട്ടില്ല.

(ഡി) ലാഭനഷ്ടം തിട്ടപ്പെടുത്താൻ സമയമായിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ബോണക്കാട് പുൽമേട്ടിൽ മരം വച്ചുപിടിപ്പിക്കുന്നതിലുള്ള അഭിപ്രായ വ്യത്യാസം

840 [1845] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണക്കാട് പുൽമേട്ടിൽ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി മരം നടുന്നതിനെക്കുറിച്ച് വൈൽഡ് ലൈഫ് വിഭാഗവും സോഷ്യൽ ഫോറസ്ട്രി വിഭാഗവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടോ;

(ബി) ഈ പുൽമേട്ടിലെ ചോലക്കാട്ടിൽനിന്നുതന്നെ ലഭിക്കുന്ന നടികൾ ഏതെല്ലാം;

(സി) നടികളുടെ ഉൽഭവസ്ഥലത്ത് യൂക്കാലിയും അതുപോലുള്ള മറ്റു മരങ്ങളും വച്ചുപിടിപ്പിക്കുന്നത് ഈ ഉറവകളെ പ്രതികൂലമായി ബാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഈ പുൽമേട്ടിലെ ചോലക്കാട്ടിൽ ചില നീർച്ചാലുകൾ ഉണ്ട്. അവ കല്ലാറിലോ കാമനയാറിലോ ചേരുന്നു.

(സി) നദികളുടെ ഉൽഭവസ്ഥലത്തു യൂക്കാലിയും അതുപോലുള്ള മറ്റു മരങ്ങളും വച്ചുപിടിപ്പിക്കുന്നുണ്ട്. ഇവകളെ പ്രതികൂലമായി ബാധിക്കുമെന്ന ശാസ്ത്രീയമായി തെളിയിച്ചിട്ടില്ല.

ബോണക്കാട് പുൽമേട് പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

841 [1846] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വന വകുപ്പ് മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ബോണക്കാട് എസ്റ്റേറ്റിനു മുകളിൽ സ്ഥിതിചെയ്യുന്ന പുൽമേടിന്റെ ഏതെങ്കിലും ഭാഗം തമിഴ്നാട്ടിലെ മുണ്ടന്തുറ വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്റെ പരിധിയിൽ വരുന്നതായുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു പറയാമോ;

(ബി) ഈ പുൽമേട്ടിലെ കേരളാതിർത്തിയിൽ കിടക്കുന്ന ഭാഗം പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ കേരള സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടോ;

(സി) ഇത് പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തമിഴ്നാട്ടിലെ മുണ്ടന്തുറ വന്യമൃഗ സംരക്ഷണ കേന്ദ്രം കേരളാതിർത്തിവരെ വ്യാപിച്ചുകിടക്കുന്നു. ഇതിൽ ബോണക്കാട് എസ്റ്റേറ്റിനു മുകളിൽ സ്ഥിതിചെയ്യുന്ന പുൽമേട്ടിൽ തമിഴ്നാട്ടിൽ പെടുന്ന ഭാഗവും ഉൾപ്പെടുന്നു. ഇതിന്റെ കൃത്യമായ വിസ്തീർണ്ണം അറിയില്ല.

(ബി) ഇല്ല.

(സി) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്ന സമയത്ത് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ബോണക്കാട് മലമുകളിൽ മരം വച്ചുപിടിപ്പിക്കാൻ നടപടി

842 [1847] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന വകുപ്പ് മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ബോണക്കാട് എസ്റ്റേറ്റിനടുത്ത മലമുകളിലെ പുൽമേട്ടിൽ മരം വയ്ക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി എത്ര തൊഴിലാളികളെ പണിയെടുക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly